**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 138** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര മൈനോറിറ്റി കോച്ചിംഗ് സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നതെന്നും അവ ഏതൊക്കെയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്താകെ 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 32 ന്യൂനപക്ഷ യുവജന പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോച്ചിംഗ് സെന്ററിൽ എന്തൊക്കെ പരിശീലനങ്ങളാണ് ഉദ്യോഗാർഥികൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കൾക്ക് പി.എസ്.സി, യു.പി.എസ്.സി, റെയിൽവേ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാ പരിശീലനവും ആലുവ പരിശീലന കേന്ദ്രത്തിന് കീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകി വരുന്നു. |
| (സി) | ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ളതും സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ പ്രാതിനിധ്യം കുറവുള്ളതുമായ മഞ്ചേശ്വരം താലൂക്കിൽ മൈനോറിറ്റി കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | പരിശോധിയ്ക്കുന്നതാണ്. |
| (ഡി) | മൈനോറിറ്റി കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മഞ്ചേശ്വരം താലൂക്കിലെ ഉപ്പളയിൽ ലഭ്യമാക്കിയാൽ ഈ വർഷം തന്നെ കോച്ചിംഗ് സെന്റർ ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ? | (ഡി) | പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | പരിശീലന കേന്ദ്രം | ഉപകേന്ദ്രം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 3 |
| 2 | കൊല്ലം | 2 | 2 |
| 3 | പത്തനംതിട്ട | 1 | - |
| 4 | ആലപ്പുഴ | 2 | - |
| 5 | കോട്ടയം | 1 | 2 |
| 6 | ഇടുക്കി | 1 | 2 |
| 7 | എറണാകുളം | 2 | 2 |
| 8 | തൃശ്ശൂർ | 1 | 2 |
| 9 | പാലക്കാട് | 2 | 2 |
| 10 | മലപ്പുറം | 5 | 12 |
| 11 | കോഴിക്കോട് | 2 | 3 |
| 12 | വയനാട് | 1 | - |
| 13 | കണ്ണൂർ | 2 | 2 |
| 14 | കാസർഗോഡ് | 1 | - |
| | | **24** | **32** |

സെക്ഷൻ ഓഫീസർ